(ബി) ഇക്കാര്യത്തിൽ എന്തെല്ലാം ഉത്തരവുകൾ നാളിതുവരെ പുറപ്പെടുവിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ; അവയുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) എം. എൽ. എ. സമർപ്പിച്ച അപേക്ഷയിൻമേൽ പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരുന്നു.

പോലീസ് ഓഫീസർ ഒഴിവുകളിലേക്ക് നിയമനം നടത്താൻ നടപടി

48 [811] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒഴിവുള്ള പോലീസ് ഓഫീസർ തസ്തികകളിലേക്ക് ഓരോ വർഷവും പി. എസ്. സി. റിക്രൂട്ട്മെന്റ് നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഇല്ല. എന്നാൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതു പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തു അവ നികത്തുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

തിരുവില്വാമല പോലീസ് ചാർജ്ജിങ്ങ് സ്റ്റേഷൻ

49 [812] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ തിരുവില്വാമല പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിതമായതെന്നാണെന്ന് പറയാമോ;

(ബി) ഈ ഔട്ട് പോസ്റ്റിന്റെ ഇപ്പോഴത്തെ ചുമതലകൾ എന്തെല്ലാമാണ്;

(സി) ഈ ഔട്ട് പോസ്റ്റ് ചാർജ്ജിങ്ങ് സ്റ്റേഷനാക്കി ഉയർത്തുവാനുള്ള സാഹചര്യം നിലവിലുള്ളതായി അറിയാമോ;

(ഡി) എങ്കിൽ ഇതിനെ ചാർജ്ജിങ്ങ് സ്റ്റേഷനാക്കി ഉയർത്താനുള്ള നടപടിക്രമം എന്താണെന്ന് പറയാമോ;

(ഇ) ഈ ഔട്ട് പോസ്റ്റ് ചാർജ്ജിങ്ങ് സ്റ്റേഷനാക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly